2026
July
29
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# നാല് വർഷത്തിനിടെ ഇതാദ്യമായി ഐഫോൺ വിൽപ്പനയിൽ വൻ ഇടിവ്

**മുംബൈ:** നാലുവർഷത്തിനിടെ ഇതാദ്യമായി ഇന്ത്യയിലേക്കുള്ള ഐഫോൺ വരവിൽ ഇടിവ് രേഖപ്പെടുത്തി. ഏപ്രിൽ-ജൂൺ പാദത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് മൂന്നു ശതമാനമാണ് കുറവുണ്ടായത്. ഈ കാലയളവിൽ സ്മാർട്ട്ഫോൺ വിതരണത്തിൽ 10 ശതമാനമാണ് കുറവുണ്ടായത്. ഇതോടെ ഇന്ത്യയിലെ ഏറ്റവും മികച്ച അഞ്ച് സ്മാർട്ട്ഫോൺ ബ്രാൻഡുകളുടെ പട്ടികയിൽനിന്ന് ആപ്പിൾ പുറത്തായി. 2019 മുതൽ 33 ശതമാനം വാർഷിക വളർച്ചയുണ്ടായിരുന്ന സ്ഥാനത്ത് ഈ വർഷം 1.5 കോടി യൂണിറ്റുകളുടെ വില്പന മാത്രമാണ് ലക്ഷ്യമിടുന്നത്.



സ്മർട്ട്ഫോൺ വിൽപ്പനയിലെ കുറവും ഉയർന്ന വിലയും ലഭ്യതയിലുണ്ടായ ഇടിവുമൊക്കെയാണ് കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത്. രാജ്യത്ത് സ്മാർട്ട്ഫോൺ വിൽപ്പനയിൽ 15 ശതമാനംവരെ കുറവുണ്ടാകുമെന്നാണ് വിപണി വിശകലന സ്ഥാപനങ്ങളായ ഇന്റർനാഷണൽ ഡാറ്റ കോർപ്പറേഷൻ, കൗണ്ടർപോയന്റ് എന്നിവയുടെ വിലയിരുത്തൽ.

ഐഫോൺ 17ന്റെ ലഭ്യതക്കുറവ് വിൽപ്പനയെ കാര്യമായി ബാധിച്ചിട്ടുണ്ട്. മെമ്മറി ചിപ്പുകളുടെ ലഭ്യതയിലുണ്ടായ കുറവ് നിർമാണത്തെ ബാധിച്ചു. ചിപ്പുകളുടെ വില വർധിച്ച സാഹചര്യത്തിൽ വിതരണക്കാരും ആപ്പിളും തമ്മിലുള്ള ചർച്ചകൾമൂലം ഷിപ്പ്മെന്റ് വൈകുന്നതും കാരണമാണ്. പ്രതിസന്ധികൾ പരിഹരിച്ച് വിപണി സാധാരണ നിലയിലാകാൻ 2028 വരെ സമയമെടുത്തേക്കാം.

ഐഫോണിന്റെ വില വർധിപ്പിക്കാതെ വിപണിയിൽ സ്ഥാനമുറപ്പിക്കുക എന്ന തന്ത്രം ഇത്രയും കാലം ആപ്പിൾ പിന്തുർന്നിരുന്നു. മാക്, ഐപാഡ് എന്നിവയുടെ വില കൂട്ടിയിട്ടും ഐഫോണിനെ ഒഴിവാക്കിയിരുന്നു. ഐഫോണിന്റെ വില വർധന ഒഴിവാക്കാൻ കഴിയില്ലെന്ന് വാൾസ്ട്രീറ്റ് ജേണലിന് ഈയിടെ നൽകിയ അഭിമുഖത്തിൽ ടിം കുക്ക് സൂചിപ്പിച്ചിരുന്നു.

പുതിയ മോഡലുകൾ എത്തുമ്പോൾ പഴയവയ്ക്ക് സാധാരണ ലഭിക്കാറുള്ള 10,000 രൂപയുടെ വിലക്കുറവ് ഇത്തവണ ഉത്സവ സീസണിൽ ലഭിച്ചേക്കില്ല. അതേസമയം, സ്മാർട്ട്ഫോൺ വില്പന കുറയുന്ന സാഹചര്യത്തിൽ വില കൂട്ടിയാൽ ആപ്പിളിന്റെ വിപണി വിഹിതത്തെ ബാധിക്കുകയും ചെയ്യും.



# കാർഗിൽ വീരർക്ക് ആദരവുമായി ജാവ യെസ്ഡിയുടെ ശൗര്യ വിജയ് യാത്ര ദ്രാസിൽ സമാപിച്ചു

**കൊച്ചി:** ഇന്ത്യൻ സേനയുമായി സഹകരിച്ച് ജാവയെസ്ഡി മോട്ടോർസൈക്കിളുകൾ സംഘടിപ്പിച്ച ശൗര്യ വിജയ് യാത്ര കാർഗിൽ വിജയ് ദിവസ് ദിനത്തിൽ ദ്രാസിലെ കാർഗിൽ യുദ്ധസ്മാരകത്തിൽ സമാപിച്ചു. ന്യൂഡൽഹിയിലെ ദേശീയ യുദ്ധസ്മാരകത്തിൽ നിന്ന് ആരംഭിച്ച 1,900 കിലോമീറ്റർ ദൈർഘ്യമുള്ള യാത്രയിൽ നിലവിലെ സൈനികർ, വിമുക്തഭടന്മാർ, വീർ നാരിമാർ, രക്തസാക്ഷികളുടെ കുടുംബാംഗങ്ങൾ, സിവിലിയൻ റൈഡർമാർ എന്നിവർ പങ്കെടുത്തു. ദേശീയ യുദ്ധസ്മാരകത്തിൽ നിന്നുള്ള വിശുദ്ധ മണ്ണ് കാർഗിൽ യുദ്ധസ്മാരകത്തിലെത്തിച്ചതും യാത്രയുടെ പ്രധാന ആകർഷണമായി. 2021 മുതൽ ജാവയെസ്ഡി സംഘടിപ്പിക്കുന്ന ഈ യാത്ര, കാർഗിൽ വീരരുടെ ത്യാഗവും രാജ്യസേവനത്തിന്റെ സന്ദേശവും പുതിയ തലമുറയിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിക്കുന്നത്.

# സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ നെസ്ലെ ഇന്ത്യ 25.4% വിൽപ്പന വളർച്ച കൈവരിച്ചു

**കൊച്ചി:** 2026– 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 6,363.3 കോടി രൂപയുടെ വിൽപ്പനയുമായി നെസ്ലെ ഇന്ത്യ 25.4% വിൽപ്പന വളർച്ച കൈവരിച്ചു. തുടർച്ചയായ ഭൗമരാഷ്ട്രീയ പ്രതിസന്ധികൾക്കിടയിലും കയറ്റുമതി 35.6% വളർച്ച കൈവരിച്ചു. ഇബിഐഡിടിഎ മാർജിൻ 24.2% എന്ന ആരോഗ്യകരമായ നിലയിൽ ആയി. ഈ പാദത്തിലെ നികുതിക്ക് ശേഷമുള്ള ലാഭം 975.1 കോടി രൂപയാണ്. ഇത് അനുബന്ധ പാദത്തേക്കാൾ 47.9% കൂടുതലാണ്. വിവിധ ചാനലുകളിലും ഉണ്ടായ ഉയർന്ന വളർച്ചയുടെ പിന്തുണയോടെ നാല് ഉൽപ്പന്ന വിഭാഗങ്ങളും ശക്തമായ വളർച്ച കൈവരിച്ചു. ഇ-കാമേർസ് മേഖലയിൽ ശക്തമായ വളർച്ചാ വേഗത നിലനിർത്തി. ക്വിക്ക് കൊമേഴ്സ് ഒരു പ്രധാന വളർച്ചാ പാതയിലാണ്. മെച്ചപ്പെട്ട ഉൽപ്പന്ന ലഭ്യത, പ്ലാറ്റ്ഫോമിന് അനുയോജ്യമായ ഉൽപ്പന്നനിര പാക്കിങ്ങ്, പ്ലാറ്റ്ഫോമിലും പുറത്തും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള മീഡിയ നിക്ഷേപങ്ങൾ, പ്രധാന ഉത്സവ അവസരങ്ങളിലെ ശക്തമായ പങ്കാളിത്തം എന്നിവ പ്രകടനത്തെ പിന്തുണച്ചതായി നെസ് ലെ ഇന്ത്യയുടെ ചെയർമാനും മാനേജിങ്ങ് ഡയരക്ടറുമായ മനീഷ് തിവാരി പറഞ്ഞു.




# എനർജി ഡ്രിങ്ക് ലേബൽ വേണ്ട

**ന്യൂഡൽഹി:** ഉയർന്ന അളവിൽ കഫീൻ അടങ്ങിയ പാനീയങ്ങളുടെ ലേബലുകളിൽ എനർജി ഡ്രിങ്ക് എന്ന പദം ഉപയോഗിക്കുന്നത് അവസാനിപ്പിക്കാൻ നിർമാതാക്കളോട് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അഥോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടതായി റോയിട്ടേഴ്സ് റിപ്പോർട്ട്.




2028ഓടെ വിപണി മൂല്യം 1.6 ബില്യൺ ഡോളറിൽ എത്തുമെന്ന് പ്രതീക്ഷിക്കുന്ന ഈ രംഗത്തെ വന്പൻ ബ്രാൻഡുകളായ പെപ്സി, റെഡ്ബുൾ, മോൺസ്റ്റർ ബിവറേജ്, റിലയൻസ്, ഹെൽ എനർജി എന്നിവയുടെ എതിർപ്പുകൾ തള്ളിക്കളഞ്ഞുകൊണ്ടാണ് എഫ്എസ്എസ്എഐയുടെ നടപടി.

ഇത്തരം ഉത്പന്നങ്ങൾക്ക് പ്രത്യേക ഇന്ത്യൻ മാനദണ്ഡങ്ങളൊന്നുമില്ലെന്നും ഒരു പാനീയം ശരീരത്തിനും മനസിനും ഊർജം നൽകുന്നു അല്ലെങ്കിൽ പൊതുവായ ക്ഷീണം മാറ്റാൻ സഹായിക്കുന്നു എന്നൊക്കെയുള്ള അവകാശവാദങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും കാണിച്ച് കമ്പനികൾക്ക് ജൂലൈ ആദ്യം നോട്ടീസ് അയച്ചതായി എഫ്എസ്എസ്എഐ സമൂഹമാധ്യമത്തിലൂടെ വ്യക്തമാക്കി.

എന്നാൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങളൊന്നും രാജ്യത്തെ ഭക്ഷ്യ സുരക്ഷ അതോറിറ്റി പുറത്തുവിട്ടിട്ടില്ല.

## സംസ്കൃത സർവകലാശാലയിൽ പി. ജി. / പി. ജി. ഡിപ്ലോമ; സ്പോട്ട് അഡ്മിഷൻ 29ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിലും വിവിധ പ്രാദേശിക കാമ്പസുകളിലുമുള്ള പി. ജി. / പി. ജി. ഡിപ്ലോമ പ്രോഗ്രാമുകളിലെ എസ്. സി/ എസ്. ടി. വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ഒഴിവുകകളിലേയ്ക്ക് ജൂലൈ 29ന് രാവിലെ 10.30ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് കാമ്പസുകളിലെ പഠന വിഭാഗങ്ങളിൽ സ്പോട്ട് അഡ്മിഷന് ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## കുസാറ്റ്: വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ സിവിൽ എൻജിനീയറിങ് വിഭാഗത്തിൽ ഗസ്റ്റ് ലക്ച്ചറർ ഒഴിവിലേക്ക് വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. സിവിൽ എൻജിനീയറിംഗിൽ ബി.ടെക്കും എം.ടെക്കും കുറഞ്ഞത് 50 ശതമാനം മാർക്ക് ആണ് യോഗ്യത. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ, വയസ്, യോഗ്യത, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഒറിജിനലും കോപ്പിയുമായി ജൂലൈ 30ന് സിവിൽ എൻജിനീയറിങ് വിഭാഗം റൂമിൽ രാവിലെ 9 മണിക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഫോൺ: 9846545824.



## സൗത്ത് ഇന്ത്യൻ ബാങ്ക് നവീകരിച്ച മെയിൻ ബ്രാഞ്ച് ഉദ്ഘാടനം ചെയ്തു

**കോട്ടയം:** നവീകരിച്ച കോട്ടയത്തെ സൗത്ത് ഇന്ത്യൻ ബാങ്ക് മെയിൻ ബ്രാഞ്ചിന്റെ ഉദ്ഘാടനം കോട്ടയം ആർച്ച്ബിഷപ്പ മാർ മാത്യു മൂലക്കാട്ട് നിർവഹിച്ചു.

എഡിഎം സോളി ആൻറണി, കോട്ടയം നഗരസഭ ചെയർപേഴ്സൺ എം.പി. സന്തോഷ്കുമാർ, രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം അതിരൂപത വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ, കോട്ടയം അതിരൂപത പ്രൊക്യുറേറ്റർ ഫാ. ഏബ്രഹാം പറമ്പേട്ട്, സൗത്ത് ഇന്ത്യൻ ബാങ്ക് ഇവിപി ആൻഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടി. ആൻറോ ജോർജ്, റീണൽ ഹെഡ് റാണി സഖറിയാസ്, സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടയം ബ്രാഞ്ച് ചീഫ് മാനേജർ കെ.എസ്. അനീഷ്, സിഎൻആർ കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ എൻ. രാജഗോപാൽ, റീട്ടയറീസ് അസോസിയേഷൻ പ്രതിനിധി ജോസ് വെട്ടിക്കാട്ട് തുടങ്ങിയവർ പങ്കെടുത്തു.

## വൈഎംസിഎ കോട്ടയം സബ് റീജൺ പ്രവർത്തന ഉദ്ഘാടനം

**കോട്ടയം:** ജീവകാരുണ്യമേഖലയിൽ വ്യക്തമായ കാഴ്ചപ്പാടും സേവനങ്ങൾ ചെയ്യുന്നവരുമാണ് വൈഎംസിഎ പ്രവർത്തകരെന്ന് ക്നാനായ സുറിയാനിസഭ റാന്നി മേഖലാധിപൻ കുര്യാക്കോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത.

നവൈഎംസിഎ കോട്ടയം സബ് റീജൺ പ്രവർത്തന ഉദ്ഘാടനവും മെരിറ്റ് ഡേയോടനുബന്ധിച്ചുള്ള യോഗത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വൈഎംസിഎ ധാരാളം ജീവകാരുണ്യപ്രവർത്തനം നടത്തിവരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ വൈഎംസിഎ സജീവമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

നാട്ടകം സുരേഷ് എംഎൽഎ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഓപ്പറേഷൻ തൂഫാൻ പ്രവർത്തനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്ന വൈഎംസിഎയുടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. നാഷ്ണൽ പ്രോപ്പർട്ടി കമ്മിറ്റി ചെയർമാൻ പ്രഫ. ജോയി സി. ജോർജ് മെരിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. സബ് റീജൺ ചെയർമാൻ റോയി പി. ജോർജ് അധ്യക്ഷതവഹിച്ചു. റീജൺ സെക്രട്ടറി പ്രിൻസിലി വിപിൻ, ജനറൽ കൺവീനർ കുര്യാക്കോസ് തോമസ്, കോട്ടയം വൈഎംസിഎ പ്രസിഡൻറ് ഏബ്രഹാം കുര്യൻ, സെക്രട്ടറി ഷൈജു വർഗീസ്, നാഷ്ണൽ വുമൺസ് ഫോറം ചെയർപേഴ്സൺ ജൂലി അനിൽ, പ്രഫ. രാജൻ ജോർജ് പണിക്കർ, ടി.എം. നവിൻ മാണി, ലിജോ പാറേകുന്നുംപുറം, ജോമി കുര്യാക്കോസ്, രഞ്ജു കെ. മാത്യു, ജോബി ജെയ്ക് ജോർജ്, വിനോജ് കെ. ജോർജ്, അനൂപ് സി. ജോൺ, ആഷാ സൂസൻ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.



കെ സി എഫ് സംസ്ഥാന ജനറൽ അസംബ്ലി സി ബി സി ഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി അഡ്വ എബ്രഹാം പട്യാണി ഉദ്ഘടനം ചെയ്യുന്നു. അഡ്വ ബിജു കുണ്ടുകുളം, പ്രഫ. ജോസ്കുട്ടി ഒഴുകയിൽ, ജെയ്മോൻ തോട്ടുപുറം, ഫാ. തോമസ് തറയിൽ, ബിജു ജോസി കരുമാഞ്ചരി, ബൈജു എസ് ആർ, വി.സി ജോർജ്കുട്ടി, ജോസഫ് ജൂഡ്, അഡ്വ. ഷെറി ജെ തോമസ് , ജെസ്സി അലക്സ് എന്നിവർ സമീപം.

# കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന വാർഷിക ജനറൽ അസംബ്ലി

**കൊച്ചി:** ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ (കെസിഎഫ്) സംസ്ഥാന വാർഷിക ജനറൽ അസംബ്ലി ആവശ്യപ്പെട്ടു. വന്യജീവി ആക്രമണം ഉൾപെടെയുള്ള മലയോര ജനത നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണണമെന്നും മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി പുനഃസ്ഥാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

സിബിസിഐ അൽമായ കമ്മീഷൻ സെക്രട്ടറി അഡ്വ. ഏബ്രാഹം പട്യാനി യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ജെയ്മോൻ തോട്ടുപുറം അധ്യക്ഷത വഹിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. തോമസ് തറയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി വി.സി. ജോർജ്ജ് കുട്ടി, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, എംസിഎ ഗ്ലോബൽ പ്രസിഡന്റ് എസ്. ആർ. ബൈജു, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ് , കെആർഎൽസിസി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ് , കെഎൽസിഎ ജനറൽ സെക്രട്ടറി ബിജു ജോസി കരുമാഞ്ചേരി, കെസിഎഫ് ട്രഷറർ അഡ്വ. ബിജു കുണ്ടുകുളം, എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഷാജി ജോർജ് എന്നിവർ പ്രസംഗിച്ചു.

പുതിയ സംസ്ഥാന പ്രസിഡന്റായി ആലപ്പുഴ രൂപതംഗം ബിജു ജോസി കരുമാഞ്ചേരിയെ അസംബ്ലി തിരഞ്ഞെടുത്തു. ഷെവലിയർ പദവി ലഭിച്ച അഡ്വ. ബിജു കുണ്ടുകുളം, സിബിസിഐ അൽമായ കൗൺസിൽ സെക്രട്ടറി അഡ്വ എബ്രാഹം പട്യാനി, ഗവൺമെന്റ് സ്പെഷ്യൽ പ്ലീഡർ അഡ്വ. ഷെറി ജെ. തോമസ്, എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഷാജി ജോർജ്ജ് എന്നിവരെ ആദരിച്ചു. കത്തോലിക്കാ കോൺഗ്രസ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെഎൽസിഎ), മലങ്കര കാത്തലിക് അസോസിയേഷൻ (എംസിഎ) എന്നീ അംഗസംഘടനകളുടെ പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുത്തു.



# നിർമ്മലാ കോളേജ് സ്പോർട്സ് മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു

**മൂവാറ്റുപുഴ:** തുടർച്ചയായ തോൽവികൾക്ക് ശേഷമുള്ള വിജയത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ച് എം.എൽ.എ മാണി സി. കാപ്പൻ. മൂവാറ്റുപുഴ നിർമ്മല കോളേജ് ഫിസിക്കൽ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 2025-2026 അധ്യയന വർഷത്തെ 'സ്പോർട്സ് മെറിറ്റ് ഡേ' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മാണി സി. കാപ്പൻ.

തന്റെ ജീവിതാനുഭവം പങ്കുവെച്ചുകൊണ്ട് അദ്ദേഹം വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു. ലക്ഷ്യബോധവും കഠിനാധ്വാനവും ഉണ്ടെങ്കിൽ കായികരംഗത്തായാലും ജീവിതത്തിലായാലും പരാജയങ്ങളെ അതിജീവിച്ച് വിജയം കൈവരിക്കാൻ സാധിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രീയം, കായികം, സിനിമ എന്നീ മേഖലയിൽ വിജയം കൈവരിക്കാൻ സാധിച്ചത് അടങ്ങാത്ത ലക്ഷ്യബോധം കൊണ്ടാണെന്ന് അദ്ദേഹം പങ്കുവെച്ചു. നിർമ്മലയുടെ ഗാർഡ് ഓഫ് ഓണർ നൽകിയാണ് അതിഥികളെ സ്വീകരിച്ചത്. കോളേജ് മാനേജർ റവ. ഡോ. മോൺ. പയസ് മലേകണ്ടത്തിൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ഫിസിക്കൽഎഡ്യൂക്കേഷൻ വിഭാഗം മേധാവി ഡോ. ബോബു ആന്റണി സ്വാഗതവും പ്രിൻസിപ്പൽ റവ. ഡോ. ജസ്റ്റിൻ കെ. കുര്യാക്കോസ് പ്രിൻസിപ്പൽ സന്ദേശവും നൽകി. അധ്യയന വർഷത്തിൽ കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്ക് ചടങ്ങിൽ വെച്ച് പുരസ്കാരങ്ങൾ വിതരണം ചെയ്തു.

കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, വൈസ് പ്രിൻസിപ്പൽമാരായ ഡോ. സോണി കുര്യാക്കോസ്, ഡോ. ഷൈമോൻ ജോസഫ് എന്നിവർ ആശംസകൾ നേർന്നു. സ്റ്റുഡന്റ്സ് മ്യൂസിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ എസ്.ജാനകിയുടെ അനുസ്മരണർത്ഥം ഗാനം ആലപിച്ചു. ചടങ്ങിൽ അസിസ്റ്റന്റ് പ്രൊഫസർ ലിസ റേച്ചൽ സജി നന്ദി പറഞ്ഞു.

## എം.ജി സർവകലാശാല

### തൊഴിലധിഷ്ഠിത യോഗാ കോഴ്സുകൾ

മഹാത്മാഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി നടത്തുന്ന തൊഴിലധിഷ്ഠിത യോഗ, നാച്ചുറോപ്പതി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കേരള സർക്കാരിന്റെ പുതിയ മുൻഗണനാ മേഖലയായ വയോജന ക്ഷേമ വകുപ്പിൽ മികച്ച തൊഴിൽ സാധ്യതകളുള്ള എം.എസ്.സി യോഗ ആന്റ് ജെറിയാട്രിക് കൗൺസിലിങ് പ്രോഗ്രാം, പിജി ഡിപ്ലോമ ഇൻ യോഗ, ഡിപ്ലോമ ഇൻ യോഗ ആന്റ് നാചുറൽ ലിവിങ് എന്നീ കോഴ്സുകളിലേക്കാണ് ഇപ്പോൾ അഡ്മിഷൻ നടക്കുന്നത്.

ശനി, ഞായർ ദിവസങ്ങളിൽ ഓഫ് ലൈനായും മറ്റ് ദിവസങ്ങളിൽ ഓൺലൈനായുമാണ് ക്ലാസ്. അപേക്ഷിക്കാനുള്ള അവസാന തീയതി ഓഗസ്റ്റ് 05. കൂടുതൽ വിവരങ്ങൾക്ക് mgu.ac.in ഫോൺ 9786003794, 9497122390, 8848066769

**അഡ്മിഷൻ ആരംഭിച്ചു**

മഹാത്മഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ വിവിധ കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു.

ഒരു വർഷത്തെ പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് ആൻറ് സൈക്കോതെറാപ്പി കോഴ്സിലേക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.

മൂന്ന് മാസത്തെ ബേസിക് കൗൺസിലിംഗ് ആൻറ് സൈക്കോതെറാപ്പി കോഴ്സിലേക്കും, ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സിലേക്കും പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. ഇമെയിൽ iucdsmgu@mgu.ac.in ഫോൺ 8547165178

### സൗജന്യ തൊഴിൽമേള

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെൻറ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും മോഡൽ കരിയർ സെൻററും സംയുക്തമായി ആഗസ്റ്റ് 14ന് സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. യൂണിവേഴ്സിറ്റി ക്യാമ്പസിലെ മോഡൽ കരിയർ സെൻററിൽ വെച്ച് രാവിലെ 10 മണി മുതലാണ് മേള നടക്കുന്നത്.

വിവിധ പ്രമുഖ മേഖലകളിൽ നിന്നുള്ള അഞ്ചിലധികം കമ്പനികളിലെ ഒഴിവുകളിലേക്കാണ് അഭിമുഖം നടക്കുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 13ന് മുൻപായി https://bit.ly/mccktmaugust14 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ9495628626, 628317660, 04812731025

### പരീക്ഷാഫലം

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, ആനിമേഷൻ, സിനിമ ആൻഡ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈനിംഗ്, പ്രിൻറ് ആൻഡ് ഇലക്ട്രോണിക് ജേർണലിസം, എം.എസ്.സി മോളിക്യുലാർ ബയോളജി ആൻഡ് ജെനറ്റിക് എൻജിനീയറിംഗ്, എം.എ സംസ്കൃത സ്പെഷ്യൽ റിവൈസ്ഡ് / പ്രീവൈസ്ഡ്ന്യായ, സാഹിത്യ വേദാന്ത, വ്യകാരണ, എം.എസ്.സി ഇലക്ട്രോണിക്സ്, എംറ്റിറ്റിഎം, മാസ്റ്റർ ഓഫ് കോമേഴ്സ് ആൻഡ് മാനേജ്മെൻറ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 9 വരെ ഓൺലൈനായി അപേക്ഷിക്കാം.

നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിഎ മ്യൂസിക് (വയലിൻകോംപ്ലിമെൻററി), മ്യൂസിക് (മൃദംഗം) (സിബിസിഎസ്) (2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മാർച്ച് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30, ഓഗസ്റ്റ് 6 എന്നീ തിയതികളിലായി തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രണ്ടാം സെമസ്റ്റർ എം.എ കഥകളി സംഗീതം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിനഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 31ന് തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ യുണിറ്ററി എൽഎൽബി 2023 അഡ്മിഷൻ പരാജയപ്പെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഓഗസ്റ്റ് 10 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 11 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 12 വരെയും അപേക്ഷ സ്വീകരിക്കും.

# അഖിൽ മാരാരുടെ പ്രസ്ഥാവന വസ്തുതാ വിരുദ്ധം : സാബു ജേക്കബ്

**കൊച്ചി:** നിയമ സഭ തിരഞ്ഞെടുപ്പിൽ കൊട്ടാരക്കര സീറ്റിൽ മത്സരിക്കാൻ താൽപര്യം പ്രകടിപ്പിച്ചാണ് അഖിൽ മാരാർ ട്വന്റി20 പാർട്ടിയിൽ വന്നതെന്ന് പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് പറഞ്ഞു. കൊട്ടാരക്കര സീറ്റ് ട്വന്റി20ക്ക് നൽകാമെന്ന് എൻ.ഡി.എ നേതൃത്വം ഉറപ്പ് നൽകിയിരുന്നെങ്കിലും തിരഞ്ഞെടുപ്പിന് തൊട്ട്മുമ്പുണ്ടായ ചില പ്രത്യേക സാഹചര്യത്തിൽ സീറ്റ് ലഭിക്കാതെ പോയി. അതിന് പകരമായാണ് അഖിലിന് തൃക്കാക്കര സീറ്റ് പാർട്ടി നൽകിയത്. തൃക്കാക്കര മണ്ഡലത്തിൽ മത്സരിക്കാൻ അഖിലിന് താൽപര്യമില്ലായിരുന്നുവെങ്കിൽ മത്സരിക്കേണ്ടിയിരുന്നില്ലെന്ന് സാബു ജേക്കബ് പറഞ്ഞു.

2015 മുതൽ പഞ്ചായത്ത്, നിയമ സഭ, പാർലമെന്റ് തിരഞ്ഞെടുപ്പുകളിൽ മത്സരിച്ച മുഴുവൻ സ്ഥാനാർത്ഥികളുടെയും പൂർണ്ണ ചെലവുകൾ വഹിച്ചത് പാർട്ടിയാണ്. ഇത്തവണയും നിയമ സഭയിലേയ്ക്ക് മത്സരിച്ച 19 സ്ഥാനർത്ഥികളുടെയും മുഴുവൻ ചിലവുകളും പാർട്ടിയാണ് വഹിച്ചത്. ഒരു രൂപ പോലും സ്വന്തം നിലയ്ക്ക് സ്ഥാനാർത്ഥികൾ മുടക്കേണ്ടി വന്നിട്ടില്ല.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ തൃക്കാക്കര, 'എ ക്ലാസ്' സീറ്റായി പരിഗണിച്ചാണ് പാർട്ടി പോരാട്ടത്തിനിറങ്ങിയത്. മറ്റ് രണ്ട് മുന്നണികളെക്കാളും മികച്ച പ്രവർത്തനവും എൻ.ഡി.എ മുന്നണിക്ക് തൃക്കാക്കരയിൽ കാഴ്ച്ചവയ്ക്കാൻ സാധിച്ചു. ഇലക്ഷന് ശേഷം കൊല്ലം ജില്ല കേന്ദ്രീകരിച്ച് ട്വന്റി20 പാർട്ടിയെ ശക്തിപ്പെടുത്താൻ കൊല്ലം ജില്ലയുടെ പ്രസിഡന്റ് സ്ഥാനം അഖിൽ ആവശ്യപ്പെട്ടിരുന്നു. അഖിലിന്റ ഈ ആവശ്യത്തിൽ നിന്നു തന്നെ വ്യക്തമാണ് തിരഞ്ഞെടുപ്പ് വേളയിലോ, അതിന് ശേഷമോ ട്വന്റി20 പാർട്ടിയിൽ നിന്ന് യാതൊരുവിധ തിക്താനുഭങ്ങളും ഉണ്ടായിട്ടില്ലായെന്നത്. തൃക്കാക്കരയിൽ സ്ഥാനാർത്ഥിയായിരുന്നുവെന്നതിനപ്പുറം അഖിൽ പാർട്ടിയുടെ ബൂത്ത് മുതൽ സംസ്ഥാനം വരെയുള്ള ഒരുഘടകത്തിന്റെയും ഭാരവാഹിയല്ല.

പണവും അധികാരവും സ്ഥാനമാനങ്ങളും ലക്ഷ്യമിട്ട് വരുന്നവർക്ക് പറ്റിയ ഒരു പ്രസ്ഥാനമല്ല ട്വന്റി20യെന്ന് സാബു ജേക്കബ് കൂട്ടിചേർത്തു.




# കുസാറ്റിൽ സ്പാർക്ക് പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര ശില്പശാലയ്ക്ക് തുടക്കം

**കൊച്ചി:** കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സ്കൂൾ ഓഫ് മറൈൻ സയൻസസിലെ മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പ് വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്പാർക്ക് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന 'അക്വാകൾച്ചർ രോഗനിയന്ത്രണത്തിൽ നാനോമെറ്റീരിയലുകളും ആന്റിമൈക്രോബിയൽ പെപ്റ്റൈഡുകളും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ദ്വിദിന അന്താരാഷ്ട്ര ശില്പശാലയ്ക്ക് തുടക്കമായി. സുസ്ഥിര അക്വാകൾച്ചറും ജലശുദ്ധീകരണവും ലക്ഷ്യമിട്ടുള്ള ഇന്ത്യകൊറിയ സംയുക്ത ഗവേഷണ പദ്ധതിയുടെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി ശില്പശാല ഉദ്ഘാടനം ചെയ്തു. അക്വാകൾച്ചർ മേഖലയിലും പരിസ്ഥിതി സുസ്ഥിരതയിലും ഉയർന്നുവരുന്ന വെല്ലുവിളികൾ നേരിടാൻ അന്തർദേശീയ സഹകരണവും അന്തർവിഷയ ഗവേഷണവും നവീകരണവും അനിവാര്യമാണെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

കുസാറ്റ് മറൈൻ സയൻസസ് ഫാക്കൽറ്റി ഡീനും കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലറും മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പിലെ എമിരിറ്റസ് പ്രൊഫസറുമായ സീനിയർ പ്രൊഫ. ഡോ. എസ്. ബിജോയ് നന്ദൻ അധ്യക്ഷത വഹിച്ചു.

വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ സ്പാർക്ക് പദ്ധതിയുടെ ദേശീയ കോഓർഡിനേറ്ററും ഐ.ഐ.ടി. ഖരഗ്പൂർ പ്രൊഫസറുമായ പ്രൊഫ. റബിബ്രത മുഖർജി, ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ഡീപ് ഓഷ്യൻ മിഷൻ ഡയറക്ടർ ഡോ. എം. വി. രാമണമൂർത്തി, റിപ്പബ്ലിക് ഓഫ് കൊറിയയിലെ ക്യുങ്പുക്ക് നാഷണൽ സർവകലാശാല പ്രൊഫസറും സ്പാർക്ക് പദ്ധതിയുടെ അന്തർദേശീയ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററും ശിൽപശാല ചെയർമാനുമായ പ്രൊഫ. ഹ്യുൻവൂങ് പാർക്ക് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു.

കുസാറ്റ്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്), കാലിക്കറ്റ് സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, ലവ്‌ലി പ്രൊഫഷണൽ യൂണിവേഴ്സിറ്റി (പഞ്ചാബ്), അസം വെറ്ററിനറി ആൻഡ് ഫിഷറി സർവകലാശാല, നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് (ഗോവ) തുടങ്ങി രാജ്യത്തെ വിവിധ സർവകലാശാലകളിൽ നിന്നും ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ മേഖലയിൽ നിന്നുമായി ഏകദേശം 150 പേർ ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട്.

നാനോ മെറ്റീരിയലുകൾ, ആന്റിമൈക്രോബിയൽ പെപ്റ്റൈഡുകൾ, അക്വാകൾച്ചർ രോഗനിയന്ത്രണം, നൂതന ജലശുദ്ധീകരണ സാങ്കേതികവിദ്യകൾ, സുസ്ഥിര അക്വാകൾച്ചർ രീതികൾ തുടങ്ങിയ വിഷയങ്ങളിൽ ഇന്ത്യയിലെയും റിപ്പബ്ലിക് ഓഫ് കൊറിയയിലെയും പ്രമുഖ വിദഗ്ധർ അടുത്ത രണ്ട് ദിവസങ്ങളിലായി പ്രഭാഷണങ്ങൾ നടത്തും. ശാസ്ത്രീയ അറിവിന്റെ കൈമാറ്റം, അന്തർദേശീയ ഗവേഷണ സഹകരണം ശക്തിപ്പെടുത്തൽ, അക്വാകൾച്ചർ, മറൈൻ ബയോടെക്നോളജി മേഖലകളിലെ നൂതന ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകൽ എന്നിവയാണ് ശിൽപശാലയുടെ ലക്ഷ്യം. സ്പാർക്ക് പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ. സ്വപ്ന പി. ആന്റണിയുടെ നേതൃത്വത്തിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. മറൈൻ ബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പ് മേധാവിയും സ്പാർക്ക് പദ്ധതിയുടെ കോപ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുമായ പ്രൊഫ. ഡോ. സജീവൻ ടി. പി. സഹനേതൃത്വം വഹിക്കുന്നു. ഡോ. ചൈതന്യ ഇ. ആർ., ഡോ. വിഷ്ണു വേണുഗോപാൽ എന്നിവർ ശിൽപശാലയുടെ കോഓർഡിനേറ്റർമാരാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിക്ക് 1.20 കോടികൂടി

**വാഴക്കുളം:** നടുക്കരയിലെ അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയുടെ തുടർ പ്രവർത്തനങ്ങൾക്ക് അടിയന്തിര സാമ്പത്തിക സഹായമായി 1.20 കോടി കൂടി അനുവദിച്ചതായി മാത്യു കുഴൽനാടൻ എംഎൽഎ അറിയിച്ചു. തുക കമ്പനിയുടെ ട്രഷറി അക്കൗണ്ടിൽ ഇന്നലെ എത്തി. സർക്കാർ മുമ്പ് രണ്ട് കോടി അനുവദിച്ചിരുന്നെങ്കിലും 80 ലക്ഷമാണ് കമ്പനിക്ക് വിനിയോഗിക്കാൻ സാധിച്ചിരുന്നത്. ട്രഷറി നിയന്ത്രണം മൂലം 1.20 കോടി സർക്കാർ തിരിച്ചെടുത്തിരുന്നു.

കമ്പനി മെഷീനറികളിൽ ഇപ്പോൾ പ്രവർത്തനക്ഷമമായുള്ള പിഇടി ബോട്ടിൽ ജ്യൂസ് പ്ലാന്റ് തുറന്ന് പ്രവർത്തിക്കാൻ ഈ തുക വിനിയോഗിക്കും. എന്നാൽ നാമമാത്രമായ മാർജിൻ ലഭിക്കുന്ന ഈ പ്ലാൻറിൻറെ പ്രവർത്തനം വഴി കമ്പനി ലാഭകരമായി പ്രവർത്തിക്കാനോ ജീവനക്കാർക്കും തൊഴിലാളികൾക്കും വേതനം നൽകാനോ സാധിക്കുകയില്ല.

കാലഹരണപ്പെട്ട മെഷീനറികൾ മാറ്റി സ്ഥാപിക്കുന്നതിനും വരുമാന വർധനയ്ക്കുള്ള അനുബന്ധ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക അടിസ്ഥാന വികസന ഫണ്ട് പദ്ധതി പ്രകാരം 35.50 കോടി അനുവദിക്കുന്നതിന് സമർപ്പിച്ച പ്രത്യേക പാക്കേജ് പദ്ധതി ധനവകുപ്പിൻറെ പരിഗണനയിലാണ്. സ്പെഷൽ പാക്കേജ് അനുവദിക്കുന്നതിന് കൃഷി വകുപ്പിൽ സമ്മർദം തുടരുമെന്ന് മാത്യു കുഴൽനാടൻ പറഞ്ഞു.

വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയെ കിഴക്കൻ മേഖലയിലെ കർഷകർക്ക് ഏറെ പ്രയോജനം ചെയ്യുന്ന സ്ഥാപനമായി വളർത്തിയെടുക്കാൻ സർക്കാർ മുന്തിയ പരിഗണന നൽകണമെന്ന് മുമ്പ് കൃഷി മന്ത്രിക്ക് നൽകിയ നിവേദനത്തിൽ കോൺഗ്രസ് ബ്ലോക്ക് പ്രസിഡൻറ് സാബു ജോൺ ആവശ്യപ്പെട്ടിരുന്നു. പ്രവർത്തനരഹിതമായ പൈനാപ്പിൾ പ്രൊസസിംഗ് യൂണിറ്റ് കൂടി മാറ്റി സ്ഥാപിക്കുമ്പോൾ ദിവസേന 30 ടൺ പൈനാപ്പിൾ പ്രൊസസ് ചെയ്യാൻ സാധിക്കും.



# വിഴിഞ്ഞം: തകർന്ന ബെർത്ത് തുടർനിർമാണം ഉടൻ; രൂപരേഖ പരിശോധിക്കാൻ വിദഗ്ധർ

**വിഴിഞ്ഞം:** തീരദേശ പൊലീസിന്റെ ബോട്ടുകൾ ബന്ധിച്ചു നിർത്തുന്നതിന് ആവിഷ്കരിച്ച പുതിയ ബെർത്ത് നിർമാണ രൂപരേഖ പരിശോധനയ്ക്ക് തിരുവനന്തപുരം ഗവ.എൻജിനീയറിങ് കോളജിലെ വിദഗ്ധരുടെ ഉപദേശം തേടി ഹാർബർ എൻജി.വകുപ്പ്(എച്ച്ഇഡി).

പുതിയ ബെർത്ത് നിർമാണത്തിലിരിക്കെ തകർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മറ്റൊരു വിദഗ്ധ സമിതിയുടെ അഭിപ്രായം തേടുന്നത് എന്ന് എച്ച്ഇഡി അധികൃതർ പറഞ്ഞു.

പരിശോധന നടപടികൾക്കായി 1,77,000 രൂപ എൻജി.കോളജിലേക്ക് അടച്ചതായും അറിയിച്ചു. എൻജി. കോളജ് പ്രഫസർമാർ ഉൾപ്പെട്ട വിദഗ്ധ സംഘം വൈകാതെ വിഴിഞ്ഞത്ത് എത്തും. ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാകുമെന്ന് എച്ച്ഇഡി അധികൃതർ പ്രതീക്ഷിക്കുന്നു.

റിപ്പോർട്ടനുസരിച്ച് തുടർ നിർമാണം ഉടൻ ആരംഭിക്കും. കോൺക്രീറ്റ് ബ്ലോക്കുകൾ നിരത്തിയുള്ള നിർമാണമായിരുന്നു. തിരയടിയിൽ ബ്ലോക്കുകൾക്ക് സ്ഥാനഭ്രംശം വന്നു വിള്ളൽ ഉണ്ടായതോടെ താൽക്കാലികമായി നിർത്തി. ബ്ലോക്കുകൾ കരയ്ക്കു കയറ്റിവച്ച നിലയിലാണിപ്പോൾ.

തുടക്കത്തിൽ തന്നെ അശാസ്ത്രീയ നിർമാണമെന്ന് ആരോപണം ഉയർന്നിരുന്നു. നിർമാണത്തിനായി എത്തിച്ച ക്രെയിൻ കയറി മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ച ബെർത്ത് ഭാഗവും തകർന്നിട്ടുണ്ട്.

വിഴിഞ്ഞത്തെ തീരദേശ പൊലീസിന് ബോട്ടു ബന്ധിച്ചു നിർത്താൻ സംവിധാനമില്ലെന്നതിന് പരിഹാരമായാണ് പുതിയ ബെർത്ത് നിർമാണ പദ്ധതി. കേന്ദ്രത്തിൽ നിന്നുള്ള 50 ലക്ഷം, സംസ്ഥാന സർക്കാരിൽ നിന്നുള്ള 10 ലക്ഷവും ഉൾപ്പെടെ 60 ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്.



# ട്രോളിംഗ് നിരോധനം ഇനി മൂന്ന് നാൾ കൂടി

**വൈപ്പിൻ:** ട്രോളിംഗ് നിരോധനം അവസാനിക്കാൻ ഇനി മൂന്ന് ദിനങ്ങൾ മാത്രം ശേഷിക്കെ മുനമ്പം, മുരുക്കുംപാടം മത്സ്യബന്ധന മേഖലകളിലെ ബോട്ടുകൾ കടലിൽ പോകാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. 31ന് അർധരാത്രിക്കു ശേഷമാണ് ബോട്ടുകൾ കടലിൽ പോവുക.

ഇതിനു മുന്നോടിയായി ബോട്ടുകളിൽ ഐസ്, വലകൾ, മറ്റു മത്സ്യബന്ധന സാമഗ്രികൾ എന്നിവ കയറ്റിത്തുടങ്ങി. ട്രോളിംഗ് നിരോധനം തുടങ്ങിയതോടെ നാട്ടിലേക്ക് മടങ്ങിയ ഇതരസംസ്ഥാന തൊഴിലാളികൾ ഭൂരിഭാഗം പേരും തിരിച്ചെത്തിയതോടെ ഹാർബറുകൾ സജീവമായി.

അറ്റകുറ്റപ്പണികൾക്ക് കയറ്റിയ ബോട്ടുകളുടെ പണികൾ തീർക്കാൻ മറൈൻ വർഷോപ്പുകളിലും തിരക്കിട്ട പണികളാണ് നടക്കുന്നത്. അതുപോലെ പോലെ വല സെറ്റ് ചെയ്യുന്ന കേന്ദ്രങ്ങളിലും തിരക്കിട്ട പണിയാണ്. എന്നാൽ ഇക്കുറി മഴ കുറഞ്ഞത് മത്സ്യബന്ധന മേഖലയിൽ കടുത്ത ആശങ്ക ഉയർത്തിയിരിക്കുകയാണ്.

ചെറുതും വലുതുമായ 500ൽപ്പരം ബോട്ടുകൾക്കൊപ്പം ഇക്കുറി ഒരു ഡസനോളം പുതിയ ബോട്ടുകളും മുനമ്പം മുരുക്കുംപാടം മേഖലകളിൽ നിന്ന് പോകാൻ തയാറെടുക്കുന്നുണ്ട്.



# തേയിലക്കൊളുന്ത് ചുമക്കാൻ ഇനി ഡ്രോൺ; പരീക്ഷണം വിജയം

**മൂന്നാർ:** പതിറ്റാണ്ടുകൾക്കു മുൻപ് എസ്റ്റേറ്റുകളിൽനിന്നു ബ്രിട്ടിഷുകാർ തേയിലയും കൊളുന്തും കൊണ്ടുവരാൻ റോപ് വേയും മോണോ റെയിലും ഉപയോഗിച്ചതിനു സമാനമായി ഡ്രോൺ ഉപയോഗിച്ച് മലമുകളിലുള്ള തോട്ടങ്ങളിൽനിന്നു തേയിലക്കൊളുന്ത് കൊണ്ടുവരാനുള്ള സാധ്യത തേടി എസ്റ്റേറ്റ് മാനേജ്മെന്റുകൾ. ദേവികുളത്തെ എച്ച്എംഎൽ കമ്പനിയുടെ കീഴിലുള്ള ലാക്കാട് എസ്റ്റേറ്റിലാണ് പരീക്ഷണാടിസ്ഥാനത്തിൽ മലമുകളിലുള്ള തേയിലത്തോട്ടങ്ങളിൽനിന്നു കൊളുന്ത് ഡ്രോൺ ഉപയോഗിച്ച് താഴെയുള്ള റോഡിൽ എത്തിച്ചത്. നിലവിൽ 10 കിലോഗ്രാം ഭാരം വഹിക്കാൻ ശേഷിയുള്ള ഡ്രോൺ ഉപയോഗിച്ചു നടത്തിയ പരീക്ഷണം വിജയിച്ചു.

മലമുകളിൽനിന്നെടുക്കുന്ന കൊളുന്ത് സ്ത്രീത്തൊഴിലാളികൾ കിലോമീറ്ററുകൾ ചുമന്ന് താഴെയെത്തിച്ച് കമ്പനി വാഹനത്തിൽ കയറ്റിയാണ് ഫാക്ടറികളിലെത്തിക്കുന്നത്. ഭാരമുള്ള കൊളുന്തുമായി കുത്തനെയുള്ള ഇറക്കം ഇറങ്ങുന്നത് തൊഴിലാളികൾക്ക് ആരോഗ്യപ്രശ്നവും സമയനഷ്ടവും ഉണ്ടാക്കിയിരുന്നു. ആദ്യ പരീക്ഷണത്തിൽ 10 കിലോഗ്രാം കൊളുന്ത് കൊള്ളുന്ന ചാക്ക് 100 മുതൽ 300 അടി വരെ ഉയരത്തിലും 3 കിലോമീറ്റർ ദൂരത്തിലുമുള്ള എസ്റ്റേറ്റുകളിൽനിന്ന് എത്തിക്കാൻ കഴിഞ്ഞു.

ഭാവിയിൽ 50 മുതൽ 100 കിലോഗ്രാം വരെ ഭാരം വഹിക്കാൻ കഴിയുന്ന ഡ്രോണുകൾ എത്തിച്ച് തേയിലക്കൊളുന്ത് വാഹനസൗകര്യമുള്ള സ്ഥലത്ത് വേഗത്തിൽ എത്തിക്കാൻ കഴിയുമെന്നാണ് കമ്പനി അധികൃതരുടെ പ്രതീക്ഷ. പദ്ധതി ലാഭകരമെങ്കിൽ തേയില എത്തിക്കുന്നതിന് സ്ഥിരം ഡ്രോൺ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തയാറെടുപ്പിലാണ് കമ്പനി അധികൃതർ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# വണ്ടർലായിൽ ഫ്രണ്ട്ഷിപ്പ് ഡേ ഓഫർ

**കൊച്ചി:** വണ്ടർലായിൽ ഫ്രണ്ട്ഷിപ്പ് ഡേ ഓഫറിൽ ഒരു ടിക്കറ്റ് വാങ്ങിയാൽ മറ്റൊന്നു സൗജന്യം.

വണ്ടർലായുടെ അഞ്ച് പാർക്കുകളിലും ഓഫർ ലഭ്യമാണ്. ഓഗസ്റ്റ് രണ്ടു വരെയുള്ള ഓൺലൈൻ ബുക്കിംഗുകൾക്കാണ് ഓഫർ ലഭിക്കുക.

ടിക്കറ്റുകൾ ഉപയോഗിച്ച് ഓഗസ്റ്റ് ഒന്ന്, രണ്ട് തീയതികളിൽ പാർക്കുകൾ സന്ദർശിക്കാം.

പാർക്കിലേക്കുള്ള പ്രവേശനത്തിനുള്ള ടിക്കറ്റുകൾക്കും ടിക്കറ്റുകൾ ഭക്ഷണം കോമ്പോയ്ക്കും ഒന്നെടുത്താൽ ഒന്ന് സൗജന്യം ഓഫറുകൾ ലഭ്യമാണ്. ഫോൺ: 0484 3514001.

# ഉയർന്ന ഇറക്കുമതി തീരുവ പുനഃപരിശോധിക്കണമെന്ന് കെജിഎസ്എംഎ

**കൊച്ചി:** ഉയർന്ന ഇറക്കുമതി തീരുവ, സ്വർണം വെള്ളി കള്ളക്കടത്തിന് ആക്കം കൂട്ടുമെന്നതിനാൽ തീരുവ പുനഃപരിശോധിക്കണമെന്നു കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ

സ്വർണത്തിന്റെയും വെള്ളിയുടെയും ഇറക്കുമതി തീരുവ ആറ് ശതമാനത്തിൽനിന്ന് 15 ശതമാനമായി വർധിപ്പിച്ചതിനു പിന്നാലെ സ്വർണം, വെള്ളി കള്ളക്കടത്ത് കേസുകളിൽ വലിയ വർധനയുണ്ടായി.

കസ്റ്റംസും ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസും നിയമവിരുദ്ധ ഇറക്കുമതി തടയാൻ നടപടികൾ ശക്തമാക്കിയിട്ടുണ്ടെങ്കിലും ഉയർന്ന തീരുവ കള്ളക്കടത്തിന് സാമ്പത്തിക പ്രോത്സാഹനമാകുന്ന സാഹചര്യം നിലനിൽക്കുന്നതായി അസോസിയേഷൻ ചൂണ്ടിക്കാട്ടി.

അന്താരാഷ്ട്ര ആഭ്യന്തര വിപണിയിലെ വില വ്യത്യാസം ഉയർന്ന ഇറക്കുമതി തീരുവ മൂലം വർധിക്കുന്നതിനാൽ നിയമവിരുദ്ധ ഇറക്കുമതി കൂടുതൽ ലാഭകരമാകുന്നു. ഇതിന്റെ പ്രത്യാഘാതം നിയമാനുസൃതമായി വ്യാപാരം നടത്തുന്ന ആഭരണ വ്യാപാരികളാണ് ഏറ്റുവാങ്ങുന്നത്.

മിതമായ തീരുവ നിരക്ക് നടപ്പാക്കുന്നതിലൂടെ നിയമപരമായ ഇറക്കുമതി വർധിപ്പിക്കാനും, സർക്കാർ നികുതി വരുമാനം മെച്ചപ്പെടുത്താനും കള്ളക്കടത്ത് ഗണ്യമായി കുറയ്ക്കാനും രാജ്യത്തെ ബുള്ളിയൻ ആഭരണ മേഖലയെ കൂടുതൽ സുതാര്യവും ആരോഗ്യകരവുമാക്കാനും കഴിയുമെന്ന് അസോസിയേഷൻ അഭിപ്രായപ്പെട്ടു.

വിഷയത്തിൽ കേന്ദ്ര സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നു കേരള ഗോൾഡ് ആൻഡ് സിൽവർ മർച്ചന്റ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എസ്. അബ്ദുൾ നാസർ ആവശ്യപ്പെട്ടു.

# സാംസംഗ് ഗാലക്സി വാച്ച് അൾട്രാ2, വാച്ച്9 അവതരിപ്പിച്ചു



**കൊച്ചി:** സാംസംഗ് ഇന്ത്യ പുതിയ ഗാലക്സി വാച്ച് അൾട്രാ2, ഗാലക്സി വാച്ച്9 സ്മാർട്ട് വാച്ചുകളുടെ പ്രീ ഓർഡർ ആരംഭിച്ചു. കൂടുതൽ ബാറ്ററി ശേഷി, കൂടുതൽ തെളിച്ചമുള്ള ഡിസ്പ്ലേ, എഐ അധിഷ്ഠിത ആരോഗ്യ നിരീക്ഷണ സംവിധാനം എന്നിവയാണു പ്രധാന സവിശേഷതകൾ.

ഉറക്കം, ഹൃദയാരോഗ്യം, വ്യായാമം, ശരീരത്തിന്റെ ഫിറ്റ്നസ് ഇൻഡക്സ് എന്നിവ 24 മണിക്കൂറും നിരീക്ഷിച്ച് വ്യക്തിഗത ആരോഗ്യ നിർദേശങ്ങൾ നൽകുന്ന സംവിധാനം പുതിയ വാച്ചുകളിലുണ്ട്.പ്രീഓർഡർ ചെയ്യുന്നവർക്ക് 9,500 രൂപ വരെ മൾട്ടി ബൈ ഓഫർ, 3,500 രൂപ വരെ ബാങ്ക് കാഷ്ബാക്ക്, അപ്ഗ്രേഡ് ആനുകൂല്യങ്ങൾ, 24 മാസത്തെ നോകോസ്റ്റ് ഇഎംഐ തുടങ്ങിയ ഓഫറുകളും ലഭിക്കും.ഗാലക്സി വാച്ച് അൾട്രാ2 ൽ ട്രെയൽ റൺ, ഡൈവിംഗ് ട്രാക്കിംഗ്, 800 എംഎഎച്ച് ബാറ്ററി, 5,000 നിറ്റ്സ് തെളിച്ചമുള്ള ഡിസ്പ്ലേ, ടൈറ്റാനിയം ബോഡി എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. ഗാലക്സി വാച്ച്9 ദൈനംദിന ഉപയോഗം മുൻനിർത്തി രൂപകല്പന ചെയ്തതും 3,000 നിറ്റ്സ് തെളിച്ചമുള്ള ഡിസ്പ്ലേ, ദീർഘകാല ബാറ്ററി, സുഖപ്രദമായ സ്ട്രാപ്പുകൾ എന്നിവയുമായാണ് എത്തുന്നത്.

ഗാലക്സി വാച്ച് അൾട്രാ2 (47 എംഎം എൽടിഇ) 64,999 രൂപയ്ക്കും ഗാലക്സി വാച്ച്9 40 എംഎം (ബ്ലൂടൂത്ത്/എൽടിഇ) പതിപ്പുകൾ 37,999 രൂപയ്ക്കും ലഭിക്കും.




അമേര സിഗ്നേച്ചർ ജ്വല്ലറിയുടെ കൊച്ചി ഷോറൂം ഷീല കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്യുന്നു. ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ സണ്ണി തോമസ് ഇടിമണ്ണിക്കൽ, അമേര സിഗ്നേച്ചർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാനേജിങ് ഡയറക്ടർ അമ്പിളി സണ്ണി ഇടിമണ്ണിക്കൽ, ഡയറക്ടർമാരായ നീമ റോസ് ജോസഫ്, നിയ ആൻ ജോസഫ്, ഡോ. ടോണി ജോസഫ് ഇടിമണ്ണിക്കൽ എന്നിവർ സമീപം

# അമേര സിഗ്നേച്ചർ ജ്വല്ലറിയുടെ രണ്ടാമത്തെ ഷോറൂം കൊച്ചിയിൽ തുടങ്ങി

**കൊച്ചി:** ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഗ്രൂപ്പിന്റെ ഡിസൈനർ ആഭരണ വിഭാഗമായ അമേര സിഗ്നേച്ചർ ജ്വല്ലറിയുടെ രണ്ടാമത്തെ ഷോറൂം കൊച്ചി എംജി റോഡിൽ ദ്വാരക ബിൽഡിംഗിൽ പ്രവർത്തനം ആരംഭിച്ചു.

വി സ്റ്റാർ എംഡി ഷീല കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. നടി പൂർണിമ ഇന്ദ്രജിത് ഭദ്രദീപം തെളിച്ചു. നടൻ സിജോയ് വർഗീസ് ആദ്യവില്പന നടത്തി. ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഗ്രൂപ്പ് എംഡി സണ്ണി തോമസ് ഇടിമണ്ണിക്കൽ, അമേര സിഗ്നേച്ചർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് എംഡി അമ്പിളി സണ്ണി ഇടിമണ്ണിക്കൽ, ഡയറക്ടർമാരായ നീമ റോസ് ജോസഫ്, നിയ അന്ന ജോസഫ്, ഡോ. ടോണി ജോസഫ് ഇടിമണ്ണിക്കൽ എന്നിവർ പങ്കെടുത്തു.

റോയൽ ആൻറിക്, ഡയമണ്ട്, പോൾക്കി ബ്രൈഡൽ കളക്ഷൻ എന്നിവ ഒറ്റയിടത്തു ലഭ്യമാക്കുന്നതാണ് ബ്രൈഡൽ ജ്വല്ലറി ബുട്ടീക്കായ അമേര സിഗ്നേച്ചർ ജ്വല്ലറിയുടെ പ്രത്യേകത. ക്ലാസിക്, കണ്ടംപററി ഡിസൈനുകളും മിനിമൽ മുതൽ ഗ്രാൻഡ് ബ്രൈഡൽ ഡിസൈനുകളും അണിനിരക്കുന്ന ഷോറൂമിൽ കൈകൾ കൊണ്ടു നിർമിച്ച ആഭരണങ്ങളുടെ കേരളത്തിലെ ഏറ്റവും വലിയ ശേഖരമാണ് ഒരുക്കിയിതെന്ന് എംഡിമാരായ സണ്ണി തോമസും അമ്പിളി സണ്ണിയും പറഞ്ഞു.

ഇന്ത്യൻ പാരമ്പര്യത്തിനൊപ്പം യൂറോപ്യൻ, വെസ്റ്റേൺ, മുഗൾ ശൈലികളിലുള്ള ആഭരണങ്ങളും ലഭ്യമാണ്. കൂടാതെ പോൾക്കി ഡയമണ്ട്സിന്റെ വിപുലമായ ശേഖരത്തിനും കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്.



# കൊച്ചിയിൽ സ്വന്തമാക്കാം സ്വപ്നതുല്യമായ ജീവിതശൈലി; സ്കൈലൈൻ സാങ്ച്വറി പ്രീമിയം ഡവലപ്പ്ഡ് പ്ലോട്ടുകൾ

**കൊച്ചി:** കൊച്ചി നഗരത്തിന്റെ സിരാകേന്ദ്രത്തിനടുത്തായി സർവസൗകര്യങ്ങളുമുള്ള ഒരു പ്രദേശത്ത് സ്വന്തമായി ഒരു വീട് എന്നത് ഏതൊരാളുടെയും വലിയൊരു സ്വപ്നമാണ്. ആ സ്വപ്നം സാക്ഷാത്കരിക്കാനായി കേരളത്തിലെ നമ്പർവൺ ബിൽഡറായ സ്കൈലൈൻ ബിൽഡേഴ്സ് അവതരിപ്പിക്കുന്ന ആകർഷകവും വ്യത്യസ്തവുമായ ഒരു പ്രോജക്ടാണ് സ്കൈലൈൻ സാങ്ചറി. 100 ശതമാനം കസ്റ്റമൈസ് ചെയ്യാവുന്ന പ്രീമിയം വില്ല പ്ലോട്ടുകൾ, പൂർണമായും RERA അംഗീകൃതമായ ഒരു ഗേറ്റഡ് കമ്മ്യൂണിറ്റി.

സമകാലിക , പരമ്പരാഗത , കോളോണിയൽ, ആഡംബര വില്ല ഡിസൈനുകൾ നിങ്ങളുടെ അഭിരുചിക്കനുസരിച്ച് വീട് ഡിസൈൻ ചെയ്യാം. നിർമാണം നിങ്ങൾക്ക് തന്നെ നടത്താം.

സ്വിമ്മിംഗ് പൂൾ, മൾട്ടി പർപ്പസ് ടർഫ്, ബാഡ്മിൻറൺ കോർട്ട്, ഔട്ട്ഡോർ ജിം, ലാൻഡ്സ്കേപ്പ്ഡ് ഗാർഡൻ, ആംഫിതിയേറ്റർ, ജോഗിംഗ് ട്രാക്ക്, ക്ലബ് ഹൗസ് തുടങ്ങി 20ലധികം പ്രീമിയം ലൈഫ് സ്റ്റൈൽ അമെനിറ്റികളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

ലുലു മാളിലേക്ക് വെറും 15 മിനിറ്റ് ഡ്രൈവ് മാത്രമുള്ള കുന്നമ്മാവിലാണ് ഈ പ്രോജക്ട് സ്ഥിതിചെയ്യുന്നത്. നാഷണൽ ഹൈവേ 544ന് സമീപം, നിർദിഷ്ട ആറുവരി ദേശീയപാതയോട് ചേർന്ന്, പ്രമുഖ ഷോപ്പിംഗ്‌വിനോദ കേന്ദ്രങ്ങളിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാവുന്ന ഇടം. വിമാനത്താവളത്തിലേക്ക് അര മണിക്കൂർ മാത്രം. മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലേക്ക് 15 മിനിറ്റും. അതിവേഗം വളരുന്ന ഈ മേഖലയിൽ സ്ഥലം സ്വന്തമാക്കുന്നത് മികച്ചൊരു നിക്ഷേപ അവസരം കൂടിയാണ്.

വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ എന്നിവ മുൻകൂട്ടി സജ്ജമാക്കിയ റെഡിടുബിൽഡ് പ്ലോട്ടുകളാണിവ. മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്ന സ്കൈലൈൻ ബിൽഡേഴ്സ് തടസങ്ങളില്ലാത്ത, വേഗത്തിലുള്ള ഡോക്യുമെന്റേഷനും ഉറപ്പുനൽകുന്നു. ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പാ സൗകര്യങ്ങളും ലഭ്യമാണ്. കൂടാതെ കൈമാറ്റത്തിന് ശേഷം വിശ്വസ്തമായ സേവനങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക: 9744403333 +971 55 4552975

സൊസൈറ്റി ടുഡേ
SOCIETY TODAY

# എഐ അധിഷ്ഠിത എക്സിക്യൂട്ടീവ് വിദ്യാഭ്യാസത്തിന് എസ്പിജെഐഎംആറും ഗ്രേറ്റ് ലേണിംഗും കൈകോർക്കുന്നു

**കൊച്ചി:** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത എക്സിക്യൂട്ടീവ് വിദ്യാഭ്യാസം വ്യാപിപ്പിക്കുന്നതിനായി ഭാരതീയ വിദ്യാഭവന്റെ എസ്.പി. ജെയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസർച്ച് പ്രമുഖ ആഗോള എഡ്ടെക് പ്ലാറ്റ്ഫോമായ ഗ്രേറ്റ് ലേണിംഗുമായി കൈകോർക്കുന്നു. തൊഴിൽ രംഗത്തുള്ള പ്രൊഫഷണലുകൾക്ക് എഐ സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തി ബിസിനസ് പരിവർത്തനത്തിനും നേതൃത്വത്തിനും ആവശ്യമായ കഴിവുകൾ വികസിപ്പിക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

എഐയെ മനസ്സിലാക്കുന്നതിൽ മാത്രം ഒതുങ്ങാതെ, അതിന്റെ ഉത്തരവാദിത്തപരമായ പ്രയോഗം, നിർവഹണം, വ്യാപനം, ബിസിനസ് മൂല്യസൃഷ്ടി എന്നിവയിൽ പ്രാപ്തരാക്കുന്ന രീതിയിലാണ് കോഴ്സുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എസ്പിജെഐഎംആർ അധ്യാപകരും ഗ്രേറ്റ് ലേണിംഗിലെ വ്യവസായ വിദഗ്ധരും ചേർന്നാണ് പരിശീലനം നൽകുക. വിവിധ മേഖലകളിലെ ജോലി ചെയ്യുന്ന പ്രൊഫഷണലുകളെ ലക്ഷ്യമിട്ടാണ് ഈ പരിപാടികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. മുൻകൂർ കോഡിംഗ് പരിജ്ഞാനം ആവശ്യമില്ല. ഏഴ് മാസത്തെ എക്സിക്യൂട്ടീവ് പ്രോഗ്രാം ഇൻ എഐ ഫോർ ബിസിനസ് ലീഡേഴ്സ്, ഒമ്പത് മാസത്തെ ചീഫ് ഫിനാൻഷ്യൽ ഓഫീസർ പ്രോഗ്രാം അഞ്ച് മാസത്തെ എക്സിക്യൂട്ടീവ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ജനറേറ്റീവ് എഐ ഫോർ മാനേജേഴ്സ്' എന്നിവയാണ് പുതിയ പോർട്ട്ഫോളിയിലുള്ള പ്രധാന കോഴ്സുകൾ. എ ഐ സ്ട്രാറ്റജി, മെഷീൻ ലേണിംഗ്, ജനറേറ്റീവ് എ ഐ, ഡാറ്റാ അനലിറ്റിക്സ്, എഐ ഗവർണൻസ്, ഫിനാൻസ് ട്രാൻസ്ഫോർമേഷൻ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയ പരിശീലനം, ലൈവ് ഓൺലൈൻ ക്ലാസുകൾ, കേസ് സ്റ്റഡി അധിഷ്ഠിത പഠനം, പ്രോജക്ടുകൾ, മെന്ററിംഗ്, ക്യാമ്പസ് ഇമ്മർഷൻ എന്നിവയിലൂടെ നൽകും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എസ്പിജെഐഎം ആർ സർട്ടിഫിക്കറ്റും തിരഞ്ഞെടുക്കപ്പെട്ട കോഴ്സുകൾക്ക് എക്സിക്യൂട്ടീവ് അലുംനി പദവിയും ലഭിക്കും.



# വംശനാശ ഭീഷണി നേരിടുന്ന സ്രാവിനങ്ങളെ തിരിച്ചറിയാൻ ഷാർക് അവെയർ ആപ്പ്

**കൊച്ചി:** സംരക്ഷിത പട്ടികയിലുള്ള സ്രാവ്, തിരണ്ടിയിനങ്ങളെ കുറിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ച ഷാർക് അവെയർ മൊബൈൽ ആപ്പും ഇന്ററാക്ടീവ് ഇലേണിംഗ് മൊഡ്യൂളും ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ പ്രകാശനം ചെയ്തു.

വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത പട്ടികയിലുള്ള സ്രാവിനങ്ങളെ തിരിച്ചറിയാനും അവയുടെ ശാസ്ത്രീയ നിയമവശങ്ങളെ കുറിച്ച് മനസ്സിലാക്കാനും സഹായിക്കുന്നതാണ് 'ഷാർക്ക് അവെയർ' ആപ്പ്.

പിടിക്കപ്പെടുന്ന സ്രാവുകൾ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിക്കപ്പെട്ടവയാണോ എന്ന് ആപ്പിലൂടെ എളുപ്പത്തിൽ തിരിച്ചറിയാം.

2022ൽ ഭേദഗതി ചെയ്ത വന്യജീവി സംരക്ഷണ നിയമത്തിലെ വിവിധ പട്ടികകളിൽ ഉൾപ്പെട്ട സ്രാവുകളുടെ വിവരങ്ങളും ഇവയുടെ രാജ്യാന്തര വ്യാപാര നിയന്ത്രണങ്ങളും ആപ്പിലുണ്ടാകും

മത്സ്യത്തൊഴിലാളികൾക്കും ഫിഷറീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് ഈ ആപ്പ്. ഉടനെ തന്നെ ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ ലഭ്യമാകും. സ്രാവുകളെയും കടൽ പരിസ്ഥിതിയെയും കുറിച്ച് കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കായി ഒരുക്കിയ ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇലേണിങ് മൊഡ്യൂൾ. ലളിതമായ ഭാഷയിലുള്ള പാഠങ്ങൾക്കൊപ്പം സ്വയം അറിവ് പരിശോധിക്കാൻ പ്രശ്നോത്തരി, തത്സമയ വിലയിരുത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ലക്ഷ്യമിട്ട്, ലളിതവും ആകർഷകവുമായ രീതിയിലാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

വന്യജീവി സംരക്ഷണ നിയമം, വംശനാശഭീഷണി നേരിടുന്ന ജീവികളുടെ അന്താരാഷ്ട്ര കരാർ (സൈറ്റസ്), ജീവികളെ തിരിച്ചറിയാനുള്ള മാർഗം തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ എഫ് ഡി ബി) സാമ്പത്തിക സഹായത്തോടെ സിഎംഎഫ്ആർഐയിൽ ഫിൻഫിഷ് ഫിഷറീസ് ഡിവിഷനിലെ സീനിയർ സയന്റിസ്റ്റ് ഡോ ലിവി വിൽസന്റെ നേതൃത്തിലാണ് ആപ്പും ഇലേണിംഗ് മൊഡ്യൂളും വികസിപ്പിച്ചത്.

പ്രകാശന ചടങ്ങിൽ ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ബി അബ്ദുൽ നാസർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, ഫിഷറീസ് ഡയറക്ടർ ചെൽസാസിനി വി, ഡോ ശോഭ ജോ കിഴക്കൂടൻ തുടങ്ങിയവർ സംബന്ധിച്ചു.

# ചെറുതുരുത്തിയിൽ അമൂല്യ ഔഷധച്ചെടികളുടെ ഉദ്യാനം തുറന്നു

**തൃശൂർ:** ചെറുതുരുത്തി ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അപൂർവ്വ ആയുർവേദ ഔഷധ സസ്യങ്ങളുടെ ഉദ്യാനം തുറന്നു. ഇന്ന് രാവിലെ നടന്ന ചടങ്ങിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. കെ. എസ്. വിഷ്ണു നമ്പൂതിരി ഉദ്ഘാടനം നിർവഹിച്ചു.ആയുർവേദ ചികിത്സ ഫലപ്രദമാകണമെങ്കിൽ നമ്മുടെ ചുറ്റുവട്ടത്തുള്ള തനത് ഔഷദസസ്യങ്ങളെ തിരിച്ചറിഞ്ഞു സംരക്ഷിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ ഡോ. കിരാതമൂർത്തി, ഡോ. അഞ്ജു കെ. പി., ഡോ. ജിജി മാത്യു, ഡോ. ലത കെ. കെ., ഡോ. അനൂപ് പി. ബാലൻ തുടങ്ങിയവർ സംസാരിച്ചു. നമ്മുടെ നാട്ടിലെ അന്യം നിന്നു പോകുന്ന ഔഷധ സസ്യങ്ങളെ സംരക്ഷിക്കുവാനും പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കും അവയെ പരിചയപ്പെടുത്തുവാനും ആരംഭിച്ചതാണ് ആയുർ ഉദ്യാൻ എന്ന ഔഷധ ഉദ്യാനമെന്ന് എച്ച്എംബിജി ആർ ചെയർമാൻ സാം സന്തോഷ് പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് ആയുർവേദ വിദ്യാർത്ഥികൾക്കായി മൂന്നു ദിവസത്തെ ദ്രവ്യ ബോധിനി എന്ന പരിശീലന പരിപാടിക്കും തുടക്കമായി.



**ചെറുതുരുത്തി ഹോർത്തൂസ് മലബാറിക്കസ് ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആയുർ ഉദ്യാനം ഡോ. കെ. എസ്. വിഷ്ണു നമ്പൂതിരി ഉദ്ഘാടനം ചെയ്യുന്നു**




# കയർ ബോർഡ് കയർ ആർട്ടിസാൻ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സ്ഥാപനമായ കയർ ബോർഡ് മൂന്ന് വിവിധ പരിശീലന കേന്ദ്രങ്ങളിൽ നടക്കുന്ന ആറ് മാസത്തെ കയർ ആർട്ടിസാൻ സർട്ടിഫിക്കറ്റ് കോഴ്സിന് (കയർ ടെക്നോളജി- NSQF ലെവൽ 3) അപേക്ഷകൾ ക്ഷണിച്ചു. ആറ് മാസത്തെ കോഴ്സിന് പുറമെ ഒരു മാസത്തെ ഇന്റേൺഷിപ്പും ഉണ്ടായിരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ട്രെയിനികൾക്ക് പ്രതിമാസം 3,000 രൂപ സ്റ്റൈപ്പൻഡും ലഭിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഓഗസ്റ്റ് 10 ആണ്. വായിക്കാനും എഴുതാനും അറിയാവുന്ന 18നും 50നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. 2008ലെ കയർ ഇൻഡസ്ട്രി (R) റൂൾസ് പ്രകാരം കയർ ഫാക്ടറികളോ കയർ സഹകരണ സംഘങ്ങളോ സ്പോൺസർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ലഭിക്കും. കൂടാതെ 20% സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ (SC/ST) വിഭാഗക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

ആലപ്പുഴ സെന്ററിൽ വനിതകൾക്ക് മാത്രമായിരിക്കും പരിശീലനം. തഞ്ചാവൂർ സെന്ററിൽ എല്ലാവിഭാഗക്കാർക്കും പരിശീലനം ലഭിക്കും. സൗജന്യ ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്തയിടങ്ങിലെ അർഹരായ ഉദ്യോഗാർത്ഥികൾക്ക് പ്രതിമാസം 500/ രൂപ വീതം റീഇംബേഴ്സ് ലഭിക്കും. അപേക്ഷാ ഫോറം കയർ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ www.coirboard.gov.in നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. എല്ലാ അറിയിപ്പുകളും ഇമെയിൽ വഴി മാത്രമേ ലഭ്യമാക്കുകയുള്ളൂ.

## പരിശീലന കേന്ദ്രങ്ങളുടെ വിവരങ്ങൾ

നാഷണൽ കയർ ട്രെയിനിംഗ് ആൻഡ് ഡിസൈൻ സെന്റർ, ആലപ്പുഴ, കേരളം (2026 സെപ്റ്റംബർ മുതൽ ആരംഭിക്കുന്നു) – ഫോൺ: 04772258067, ഇമെയിൽ: adnctdc@gmail.com

കയർ ബോർഡ് റീജിയണൽ എക്സ്റ്റൻഷൻ സെന്റർ, തഞ്ചാവൂർ, തമിഴ്നാട് (2026 സെപ്റ്റംബർ മുതൽ ആരംഭിക്കുന്നു)– ഫോൺ: 04362264655, ഇമെയിൽ: cbrectnjcoirboard@gmail.com

കയർ ബോർഡ് റീജിയണൽ ഓഫീസ്, രാജമുന്ത്രി, ആന്ധ്രാപ്രദേശ് (2026 ഒക്ടോബർ മുതൽ ആരംഭിക്കുന്നു)– ഫോൺ: 08832420196, ഇമെയിൽ: coirboardrorjy@yahoo.co.in

കൂടുതൽ വിവരങ്ങൾക്ക് മാർക്കറ്റിംഗ് ആൻഡ് പബ്ലിസിറ്റി ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. ഫോൺ –9400653919.



# കേരള ബാങ്ക് കെ ബിജെൻസി ടെക് വായ്പാ പദ്ധതി തുടങ്ങി

**കൊച്ചി:** കോളജ് വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പോലുള്ള പഠനോപകരണങ്ങൾ വാങ്ങുന്നതിനു കേരള ബാങ്ക് കുറഞ്ഞ പലിശ നിരക്കിൽ ഈടില്ലാത്ത വായ്പാ പദ്ധതി തുടങ്ങി.

കാക്കനാട് ക്രെഡിറ്റ് പ്രോസസിംഗ് സെൻററിൽ നടന്ന ചടങ്ങിൽ കേരള ബാങ്ക് പ്രസിഡൻറ് പി. മോഹനൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

കേരള ബാങ്കിന്റെ കെ ബിജെൻസി ടെക് പദ്ധതിയിലൂടെയാണ് 18നും 28നും ഇടയിൽ പ്രായമുള്ള വിദ്യാർഥികൾക്ക് ലാപ്പ്ടോപ്, ടാബ്ലറ്റ്, ഐപാഡ് എന്നിവ വാങ്ങുന്നതിന് 25,000 മുതൽ ലക്ഷം രൂപ വരെ വായ്പ അനുവദിക്കുക.

30 മാസം കാലാവധിയിൽ അനുവദിക്കുന്ന വായ്പയ്ക്ക് 6.99 ശതമാനം മാത്രമാണു പലിശ നിരക്ക്. കെ ബിജെൻസി ടെക് വായ്പയ്ക്ക് ബാങ്ക് പ്രോസസിംഗ് ഫീസില്ല.